സൂറഃ-7

# അൽ അഅ്റാഫ്

فَعَقَرُوا۟ ٱلنَّاقَةَ وَعَتَوْا۟ عَنْ أَمْرِ رَبِّهِمْ وَقَالُوا۟ يَـٰصَـٰلِحُ ٱئْتِنَا بِمَا تَعِدُنَآ إِن
كُنتَ مِنَ ٱلْمُرْسَلِينَ ﴿٧٧﴾

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَـٰثِمِينَ ﴿٧٨﴾

فَتَوَلَّىٰ عَنْهُمْ وَقَالَ يَـٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّى وَنَصَحْتُ لَكُمْ
وَلَـٰكِن لَّا تُحِبُّونَ ٱلنَّـٰصِحِينَ ﴿٧٩﴾

**77.** അങ്ങനെ അവർ ആ ഒട്ടകത്തെ കൊന്നുകളഞ്ഞു. വിധാതാവിന്റെ കൽപനയെ ധാർഷ്ട്യത്തോടെ ധിക്കരിച്ചു. പ്രവാചകനോട് അവർ ഘോഷിച്ചു: ഹേ സ്വാലിഹ്, നീ ഞങ്ങളെ വിരട്ടുന്ന ആ ദൈവശിക്ഷ ഒന്നിങ്ങുകൊണ്ടുവന്നാട്ടെ; സത്യത്തിൽ നീ ദൈവദൂതനാണെങ്കിൽ.
**78.** ഒടുവിൽ അവരെ ഒരു കിടിലം ബാധിച്ചു. അതോടെ അവരൊക്കെയും സ്വവസതികളിൽ ചേതനയറ്റ് നിലംപതിച്ചു.
**79.** സ്വാലിഹ് അവരെ വിട്ടുപോയി. അദ്ദേഹം പരിതപിച്ചു: എന്റെ ജനമേ, വിധാതാവിന്റെ സന്ദേശം തീർച്ചയായും ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നതായിരുന്നു. നിങ്ങളോട് നിസ്വാർഥമായ ഗുണകാംക്ഷ പുലർത്തുകയും ചെയ്തു. പക്ഷേ, നിങ്ങൾ ഗുണകാംക്ഷികളെ ഇഷ്ടപ്പെട്ടതേയില്ല.

فَعَقَرُوا۟ = അങ്ങനെ അവർ കൊന്നുകളഞ്ഞു   ٱلنَّاقَةَ = ഒട്ടകത്തെ   وَعَتَوْا۟ = അവർ ശാഠ്യം കൈക്കൊണ്ടു(ധാർഷ്ട്യത്തോടെ ലംഘിച്ചു)
عَنْ أَمْرِ رَبِّهِمْ = അവരുടെ വിധാതാവിന്റെ കൽപന(യെ)യോട്   وَقَالُوا۟ = (പ്രവാചകനോട്) അവർ (ഘോഷിച്ചു) പറഞ്ഞു
يَـٰصَـٰلِحُ = ഹേ സ്വാലിഹ്   ٱئْتِنَا = നീ ഞങ്ങൾക്ക് കൊണ്ടു വാ (ഒന്നിങ്ങു കൊണ്ടുവന്നാട്ടെ)
بِمَا تَعِدُنَآ = നീ ഞങ്ങളെ വിരട്ടുന്നത്(ന്ന ആ ദൈവശിക്ഷ)   إِن كُنتَ = യഥാർഥത്തിൽ നീ ആണെങ്കിൽ
مِنَ ٱلْمُرْسَلِينَ = ദൈവദൂത(ൻ)ന്മാരിൽ പെട്ടവൻ   فَأَخَذَتْهُمُ = (ഒടുവിൽ) അവരെ പിടിച്ചു(ബാധിച്ചു)
ٱلرَّجْفَةُ = കിടിലം, പ്രകമ്പനം   فَأَصْبَحُوا۟ = അപ്പോൾ (അതോടെ) അവർ ആയി, പ്രഭാതത്തിൽ അവരായിത്തീർന്നു
فِى دَارِهِمْ = അവരുടെ വീടുകളിൽ   جَـٰثِمِينَ = ചേതനയറ്റ് വീണു കിട(ന്നു)ക്കുന്നവർ
فَتَوَلَّىٰ = (സ്വാലിഹ്) പിന്തിരിഞ്ഞു (വിട്ടുപോയി)   عَنْهُمْ = അവരിൽനിന്ന്(വരെ)   وَقَالَ = അദ്ദേഹം പറഞ്ഞു (പരിതപിച്ചു)
يَـٰقَوْمِ = എന്റെ ജനമേ   لَقَدْ أَبْلَغْتُكُمْ = ഞാൻ നിങ്ങൾക്ക് എത്തിച്ചു(ച്ചതായിരുന്നു)
رِسَالَةَ رَبِّى = എന്റെ വിധാതാവിന്റെ സന്ദേശം
وَنَصَحْتُ لَكُمْ = ഞാൻ നിങ്ങളോട് (നിസ്വാർഥമായ) ഗുണകാംക്ഷ പുലർത്തുകയും ചെയ്തു   وَلَـٰكِن = പക്ഷേ
لَّا تُحِبُّونَ = നിങ്ങൾ ഇഷ്ടപ്പെടുന്നില്ല (പ്പെട്ടതേയില്ല)   ٱلنَّـٰصِحِينَ = ഗുണകാംക്ഷികളെ

**77,78:** ഒട്ടകത്തെ ദൃഷ്ടാന്തമായി കാണിച്ചുകൊടുത്തതോടൊപ്പം അതിനോട് സ്വീകരിക്കേണ്ട സമീപനം വ്യക്തമായി നിർണയിച്ചുകൊടുക്കുകയും ചെയ്തതായി 73-ാം സൂക്തത്തിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ ഈ ഒട്ടകവും സ്വാലിഹിന്റെ ഒരു ചെപ്പടിവിദ്യയാണെന്നും അതിന്റെ കഥകഴിച്ചുകൊണ്ട് തങ്ങളാ വിദ്യ പൊളിക്കുകയാണെന്നുമായി അവർ. സമൂദുകാരുടെ

ധിക്കാരവും സത്യവിരോധവും പരമകാഷ്ഠയിലെത്തിയെന്നർഥം. അങ്ങനെ അവരതിനെ കൊന്നു. عَقَر-ന്റെ ഭൂതകാല ബഹുവചന ക്രിയാരൂപമാണ് عقروا. ഒട്ടകങ്ങളെ അറുക്കുന്നതിനു മുമ്പ് കൈകാലുകൾ വെട്ടുകയാണ് عَقَر-ന്റെ ഭാഷാർഥം. അറുത്താൽ ഓടിപ്പോകാതിരിക്കാനാണത്. പിന്നീട് കശാപ്പ്, ഒട്ടകബലി എന്നീ അർഥങ്ങളിലും ഇത് ഉപയോഗിക്കപ്പെട്ടു. ഒട്ടകത്തെ അവർ ( ആ സമുദായം) കൊന്നു എന്നാണിവിടെ പറയുന്നത്. അവരുടെ കൂട്ടത്തിലെ ഒരു തെമ്മാടിയാണ് അതിന് മുന്നോട്ടു വന്നത് - إِذِ انبَعَثَ أَشْقَاهَا - എന്ന് സൂറഃ *അശ്ശംസിൽ* പ്രസ്താവിച്ചിരിക്കുന്നു. കൊന്നത് ഒരാളാണെങ്കിലും അതിന് പൊതുസമൂഹത്തിന്റെ സമ്മതമുണ്ടായിരുന്നു. അതുകൊണ്ടാണ് കർതൃത്വം സമുദായത്തിൽ ചുമത്തിയത്. ഖതാദയിൽനിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: "ഒട്ടകഘാതകൻ സമുദായത്തോട് പറഞ്ഞു: 'നിങ്ങളെല്ലാവരും സമ്മതിക്കുന്നതുവരെ ഞാനതിനെ കൊല്ലില്ല.' അപ്പോൾ അവർ സ്ത്രീകളുടെ അന്തഃപുരങ്ങളിൽ കടന്നുചെന്ന് നിങ്ങൾക്ക് സമ്മതമാണോ എന്നു ചോദിച്ചു. അവർ സമ്മതമാണെന്ന് പറഞ്ഞു. കുട്ടികളോടും ചെന്നു ചോദിച്ചു.... അങ്ങനെ എല്ലാവരും സമ്മതിച്ചപ്പോൾ അയാൾ അതിനെ കൊന്നു."

عُتُوّ-ൽനിന്നുള്ള ക്രിയാരൂപമാണ് عَتَوْا. വഴക്കമില്ലായ്മയും ദുശ്ശാഠ്യവുമാണ് عُتُوّ. ചിലപ്പോൾ ശക്തികൊണ്ടും ചിലപ്പോൾ ശക്തിഹീനത കൊണ്ടും ഉണ്ടാകുന്ന ഒരുതരം അന്ധതയാണത്. ശക്തിയുടെ അന്ധതയാണ് സമൂദ് ഗോത്രത്തെ ബാധിച്ചത്. സ്വേഛാധിപതികളുടെയും സർവാധിപതികളുടെയും عُتُوّ ഇക്കൂട്ടത്തിൽ പെടുന്നു. പ്രായാധിക്യം മൂലമുള്ള അവശത ചിലരെ ശാഠ്യബുദ്ധികളാക്കും. عتا الشيخ-بلغ من الكبر عتيا എന്നൊക്കെപ്പറഞ്ഞാൽ കിഴവൻ ശാഠ്യസ്വഭാവക്കാരനായി എന്നാണർഥം. ചോദിച്ച ദൃഷ്ടാന്തം ലഭിച്ചിട്ടും സത്യം അംഗീകരിക്കാൻ കൂട്ടാക്കിയില്ല എന്നതാണ് സമൂദ് ഗോത്രത്തിന്റെ عُتُوّ. സാധാരണ അവിശ്വാസത്തേക്കാൾ ഗുരുതരവും ഭീകരവുമാണത്. ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ ജാബിർ(റ) പറയുന്നു: "റസൂൽ(സ) ഒരിക്കൽ അൽഹിജ്റിലൂടെ കടന്നുപോകുമ്പോൾ പറഞ്ഞു: നിങ്ങൾ ദൈവികദൃഷ്ടാന്തങ്ങൾ ആവശ്യപ്പെടരുത്. സ്വാലിഹിന്റെ ജനത അതാവശ്യപ്പെടുകയുണ്ടായി. ദൃഷ്ടാന്തമായെത്തിയ ഒട്ടകം ഈ മലമ്പാതയിലൂടെ വന്നുപോയിക്കൊണ്ടിരുന്നു. അവരാകട്ടെ, വിധാതാവിന്റെ കൽപന ധിക്കരിച്ചു. ഒന്നിടവിട്ട ദിവസം ഒട്ടകം വെള്ളവും അവർ ഒട്ടകത്തിന്റെ പാലും കുടിച്ചുകൊണ്ടിരുന്നു. പിന്നെ അവരതിനെ കൊന്നു. അപ്പോൾ ഒരു ഘോരനാദം അവരെ പിടികൂടി. ആകാശത്തിനു കീഴിലുള്ളവരെയൊക്കെയും അല്ലാഹു മരിപ്പിച്ചു വീഴ്ത്തി..."

ഒട്ടകത്തെ കൊന്ന് അവർ സ്വാലിഹിനെ(അ) വെല്ലുവിളിച്ചു: ഹേ സ്വാലിഹേ, നീ യഥാർഥ ദൈവദൂതനാണെങ്കിൽ ഒട്ടകത്തെ ദ്രോഹിച്ചാൽ സംഭവിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ആ ശിക്ഷയിങ്ങ് കൊണ്ടുവന്നാട്ടെ. അതുവഴി, ഈലോകത്ത് നിലനിൽക്കാനുള്ള അവകാശം സ്വയം നിഷേധിക്കുകയായിരുന്നു അവർ. ഇനിയും അവസരം നൽകിയാൽ സ്വാലിഹിനെയും വിശ്വാസികളെയും വധിക്കുന്നതിലേക്കായിരിക്കും അവർ നീങ്ങുക. ഒട്ടകം കൊല്ലപ്പെടുമ്പോൾ സ്വാലിഹ് അവരെ ഇങ്ങനെ അറിയിച്ചതായി നിവേദനമുണ്ട്: 'ഇനി മൂന്നുനാൾ മാത്രം നിങ്ങൾക്ക് സ്വവസതികളിൽ സുഖിച്ചു മദിച്ചു കഴിയാം.' മൂന്നാം നാൾ ദൈവശിക്ഷ ആ സമൂഹത്തിന്റെ കഥകഴിച്ചു.

ഒരു ഞെട്ടൽ, അതോടെ എല്ലാവരും മരിച്ചുവീണു. فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ എന്നാണ് മൂലവാക്യം. ഞെട്ടലും കിടുകിടുപ്പും കുലുക്കവുമൊക്കെയാണ് رجفة. ഭൂമികുലുക്കമാണ് رجف الارض. പേടിച്ചുവിറക്കൽ رجف القلب. സൂറഃ *ഹൂദിലും* സൂറഃ *അൽഖമറിലും* പറയുന്നത് وَأَخَذَ الَّذِينَ ظَلَمُوا الصَّيْحَةُ (അതിക്രമകാരികളെ ഒരു ഘോരനാദം ബാധിച്ചു) എന്നാണ്. സൂറഃ *അദ്ദാരിയാത്തിൽ* فَأَخَذَتْهُمُ الصَّاعِقَةُ وَهُمْ يَنظُرُونَ (നോക്കിനിൽക്കെ അവരെ ഇടിവെട്ട് ബാധിച്ചു) എന്നും സൂറഃ *ഫുസ്സ്വിലത്തിൽ* فَأَخَذَتْهُمْ صَاعِقَةُ الْعَذَابِ الْهُونِ (അവരെ നിന്ദ്യമായ ഇടിവെട്ടിന്റെ ശിക്ഷ ബാധിച്ചു) എന്നും പ്രസ്താവിച്ചിരിക്കുന്നു. സൂറഃ *അൽഹാഖയിൽ* പറയുന്നത് فَأَمَّا ثَمُودُ فَأُهْلِكُوا بِالطَّاغِيَةِ (എന്നാൽ സമൂദ് വർഗം ഭീകരശബ്ദത്താൽ നശിപ്പിക്കപ്പെട്ടു-69:5) എന്നാണ്. صاعقة ഘോരഗർജനം എന്ന അർഥത്തിലും ഉപയോഗിക്കും. അതാണിവിടെ ഉദ്ദേശ്യമെന്ന് വെച്ചാൽ സൂറഃ *ഹൂദി*ലും *അൽഖമറി*ലും പറഞ്ഞ الصَّيْحَةُ-ഉം *അദ്ദാരിയാത്തി*ലും *ഫുസ്സിലത്തി*ലും പറഞ്ഞ صاعقة-ഉം *അൽഹാഖ*യിൽ പറഞ്ഞ طاغية-ഉം ഏറക്കുറെ ഒന്നുതന്നെ. എന്നാൽ رجفة-ന്റെയും അവയുടെയും അർഥത്തിൽ സമാനതയില്ല. ചില മുഫസ്സിറുകൾ ഇതിനെ വിശദീകരിക്കുന്നത് 'അടിയിൽനിന്ന് ഭൂകമ്പവും മുകളിൽനിന്ന് ഇടിവെട്ടുമുണ്ടായി' എന്നാണ്. ഇടിവെട്ട് കേട്ട് അവർ ഞെട്ടിത്തെറിച്ചു എന്നാണ് മറ്റു ചിലർ വിശദീകരിക്കുന്നത്. ഇടിമിന്നലുണ്ടാകുമ്പോൾ അന്തരീക്ഷത്തിലുണ്ടാകുന്ന വൈദ്യുതസ്ഫുരണങ്ങൾ ഭൂമിയിലെത്തിയാലുണ്ടാകുന്ന ആഘാതത്തെയാണ് صاعقة-صيحة-رجفة എന്നീ പദങ്ങളിലൂടെ അവതരിപ്പിക്കുന്നതെന്നാണ് ഇമാം റശീദ് രിദായുടെ വീക്ഷണം. ഇടിവെട്ടേൽക്കുന്ന ജന്തുക്കളും സസ്യങ്ങളും കെട്ടിടങ്ങളുമെല്ലാം കത്തിനശിക്കുമല്ലോ. ഒരു നാടിനെ മുഴുവൻ നശിപ്പിക്കുന്ന തരത്തിലുള്ള അതിഭീകരമായ ഇടിവാളാണ് സമൂദ് വർഗത്തെ ബാധിച്ചത്. മൗലാനാ ഹമീദുദ്ദീൻ ഫറാഹിയുടെ വീക്ഷണത്തിൽ സമൂദിനെ ബാധിച്ചത് കാതുപൊട്ടിക്കുംവണ്ണം ഭയാനകമായ ഇടിയോടുകൂടിയ ശീതക്കൊടുങ്കാറ്റായിരുന്നു. കൊടുങ്കാറ്റുമൂലമാണ് നാശം ഏറെയുണ്ടായത്.

നാടിനും വീടിനും ഉപയോഗിക്കുന്ന പദമാണ് دار. നാടാകുമ്പോൾ ശിക്ഷ വരും നേരത്ത് അവർ നാട്ടിൽ എവിടെയായിരുന്നുവോ അവിടെ മരിച്ചുവീണു എന്നാകുന്നു ആശയം. വീട് എന്നർഥം കൽപിക്കുമ്പോൾ ശിക്ഷ ഭവിച്ചത് അവർ സ്വന്തം വീടുകളിലണയുന്ന രാത്രികാലത്തായിരുന്നുവെന്നും ആർക്കും പുറത്തുപോകാനവസരം കിട്ടാതെ പുലരുമ്പോഴേക്കും എല്ലാവരും ജഡങ്ങളായി മാറിയെന്നുമാണത് സൂചിപ്പിക്കുന്നത്. اصبحوا എന്നതിന് 'അവർ ആയിത്തീർന്നു' എന്നതിനു പുറമെ 'നേരം വെളുത്തു', 'പ്രഭാതത്തിൽ പ്രവേശിച്ചു' എന്നും അർഥമുണ്ട് എന്നത് ഈ സൂചനയെ ബലപ്പെടുത്തുന്നു.

**79:** സ്വാലിഹിന്റെ (അ) ഈ വിട്ടുപോക്കും പരിദേവനവും ഉണ്ടായത് സമുദായത്തിന് ആപത്ത് സംഭവിച്ച ശേഷമാണെന്നാണ് വാക്യഘടനയിൽനിന്ന് പ്രത്യക്ഷത്തിൽ തോന്നുക. എന്നാൽ സംഭവങ്ങൾ കാലക്രമം പാലിക്കാതെ ഉദ്ധരിക്കുക അറബിഭാഷയിൽ അപൂർവമല്ല. അങ്ങനെ ഉദ്ധരിക്കുന്നത് സവിശേഷമായ അർഥത്തെ ഉൽപാദിപ്പിക്കുന്നുണ്ടാകും. അപ്രകാരമുള്ള ഒരു സന്ദർഭമാണിതെന്ന് മുഫസ്സിറുകൾ അഭിപ്രായപ്പെടുന്നു. സമുദായത്തിനേർപ്പെട്ട നാശത്തിൽ സ്വാലിഹിന് ഒരു പങ്കുമില്ലെന്നും അദ്ദേഹം അവരെ രക്ഷിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നും സമുദായത്തിന്റെ കുറ്റം കൊണ്ടു മാത്രമാണ് അവർ നശിപ്പിക്കപ്പെട്ടതെന്നും ധ്വനിപ്പിക്കുകയാണ് ഇവിടെ ഉദ്ദേശ്യമെന്ന് കരുതപ്പെടുന്നു. സ്വാലിഹ് നബി ഇങ്ങനെ പരിതപിച്ചത് ദൃഷ്ടാന്തമായി വന്ന ഒട്ടകത്തെ സമൂദുകാർ കൊന്നുകളഞ്ഞ ഉടനെ, നാശം വന്നെത്തുന്നതിന് മുമ്പായിട്ടാണെന്നും മറ്റൊരഭിപ്രായവുമുണ്ട്. അദ്ദേഹം അവർക്ക് മൂന്നു ദിവസത്തെ അവധി നൽകിയതായി സൂറഃ *ഹൂദിൽ* പറയുന്നു. ഈ അവധി കൊടുത്ത് അദ്ദേഹവും ശിഷ്യന്മാരും യാത്രയായി. താനും സംഘവും വിനാശത്തിന്റെ ആഘാതം ഏൽക്കാത്തത്ര ദൂരത്തെത്തുന്നതിനു വേണ്ടിയായിരുന്നു മൂന്നു ദിവസത്തെ

അവധി കൊടുത്തത്. സ്വാലിഹ്(അ) സ്വജനത്തെ വിട്ടുപോകുമ്പോൾ നടത്തിയ വിടപറയലാണ് ഈ സൂക്തം ഉദ്ധരിക്കുന്നത്. يَـٰقَوْمِ (എന്റെ ജനമേ, സമുദായമേ) എന്ന പ്രവാചകന്മാരുടെ സംബോധന വെറും ഭംഗിവാക്കല്ല. ഒരാൾക്ക് തന്നോടും തന്റെ കുടുംബത്തോടും ഉള്ളതുപോലെത്തന്നെ തന്റെ ദേശത്തോടും സമുദായത്തോടും ബാധ്യതയുണ്ട്. അവരെ മാർഗഭ്രംശങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷിക്കാനും സുസ്ഥിതിയിലും സന്മാർഗത്തിലുമാക്കാനും കഴിവിൻപടി ആത്മാർഥമായി പരിശ്രമിക്കുക എന്നത് ഈ ബാധ്യതയുടെ താൽപര്യമാണ്. ഈ ബാധ്യതയെ അവഗണിക്കുന്നവൻ സമുദായത്തോട് കൂറും സ്നേഹവുമില്ലാത്തവനായിരിക്കും. ഈ ബാധ്യത മാതൃകാപരമായി പൂർത്തീകരിക്കാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. അവർ സ്വസമുദായത്തോട് കൂടുതൽ കൂറും സ്നേഹവുമുള്ളവരായിരിക്കുക സ്വാഭാവികമാണ്. താൻ തന്റെ സമുദായത്തോടുള്ള കൂറിന്റെയും സ്നേഹത്തിന്റെയും താൽപര്യങ്ങൾ ഏറ്റവും നല്ല നിലയിൽ പൂർത്തീകരിച്ചിട്ടും അവർക്ക് അതൊരു ഗുണവും ചെയ്തില്ലല്ലോ എന്ന് പരിതപിക്കുകയായിരുന്നു സ്വാലിഹ് നബി (അ).

وَلَـٰكِن لَّا تُحِبُّونَ ٱلنَّـٰصِحِينَ (നിങ്ങൾ ഗുണകാംക്ഷികളെ ഇഷ്ടപ്പെട്ടതേയില്ല) എന്ന വാക്യം ഒരു ഖേദപ്രകടനമെന്നതിലുപരി യഥാർഥ സംഭവത്തിന്റെ വിവരണമാണ്. ഏതു സമൂഹവും ധാർമിക ജീർണതയുടെ പരമകാഷ്ഠയിലെത്തിയാൽ പിന്നെ യഥാർഥ ധർമത്തെയും സത്യത്തെയും സംസ്കാരത്തെയും കുറിച്ച് കേൾക്കുന്നതേ അവർക്ക് അസഹ്യമായിത്തീരുന്നു. അധാർമികതയെയും അസത്യത്തെയും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അവർ സത്യവും ധർമവും സദാചാരവുമൊക്കെയായി അംഗീകരിക്കുന്നു. അതുകൊണ്ട് യഥാർഥ ധർമത്തിന്റെയും സത്യത്തിന്റെയും വക്താക്കളെ അവർ ശത്രുക്കളായി കാണുന്നു. ഈ പതനത്തിലെത്തിയ സമുദായങ്ങളുടെ ഉദാഹരണങ്ങളിലൊന്നാണ് സമൂദ് വർഗം. ■